മാരക രോഗബാധിതരായ പിന്നോക്ക പട്ടിക സമുദായത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നൽകുന്ന പദ്ധതി

*7 [407] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ് :
,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക പട്ടിക സമുദായങ്ങളിൽപ്പെട്ട കൂലിപ്പണിക്കാരായ നിർദ്ധനരുടെ കുടുംബനാഥനോ നാഥയോ ക്യാൻസർ, പക്ഷപാതം തുടങ്ങിയ മാരക രോഗങ്ങൾക്ക് അടിമപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കാമോ;

(സി) രോഗബാധിതർക്കാവശ്യമായ ചികിൽസയും സാമ്പത്തിക സഹായവും നൽകുന്നതിനായി ഒരു കമ്മീഷൻ രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇവർക്ക് അനുവദിക്കപ്പെടുന്ന ആനുകൂല്യം സമയബന്ധിതമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്യാൻസർ, ക്ഷയം തുടങ്ങിയ രോഗങ്ങൾ മൂലം കഷ്ടതയനുഭവിക്കുന്ന പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിൽസാ ധനസഹായമായി പരമാവധി 25,000 രൂപ വരെ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിക്കുന്ന ഒരു പദ്ധതി നിലവിലുണ്ട്.

കൂടാതെ പട്ടികവർഗ്ഗക്കാരുടെ ചികിൽസയും പുനരധിവാസവും പദ്ധതി പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ആയിരം രൂപ വരെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അനുവദിച്ചു നൽകുന്നുണ്ട്.

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാരുടെയും ആരോഗ്യ സംരക്ഷണത്തിനായി ഒരു ബൃഹത്തായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കും രൂപ നൽകിവരുന്നു. പിന്നോക്ക സമുദായങ്ങൾക്ക് ഈ വകുപ്പിൽ നിന്നും ഇത്തരത്തിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ സമർപ്പിക്കുന്നവർക്ക് സമയബന്ധിതമായി ആനുകൂല്യം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly